## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 125. | 02.03.2020 ൽ മറുപടിക്ക്

### ആംഡ് റിസർവ്വ് വിഭാഗത്തിലെ ഹവിൽദാർ ടെസ്റ്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പോലീസ് വകുപ്പിൽ ആംഡ് റിസർവ്വ് വിഭാഗത്തിലെ ഹവിൽദാർ ടെസ്റ്റും ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ എച്ച്.സി. ടെസ്റ്റും സമാനമായി പരിഗണിക്കപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ആയതുമായി ബന്ധപ്പെട്ട ഉത്തരവ്/ സർക്കുലറുകളുടെ വിവരം ലഭ്യമാക്കുമോ; | (എ) യും (ബി) യും | കേരള സിവിൽ പോലീസ് നിലവിൽ വരുന്നതിനു മുമ്പ് ബറ്റാലിയനിലെയോ, ആംഡ് റിസർവ്വിലെയോ ഹവിൽദാർ ടെസ്റ്റ് പാസ്സായത് പരിഗണിച്ച് ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിന് ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് നൽകിയിരുന്നു. 24.11.1999 ലെ സ.ഉ(കൈ)നം. 234/99/ആഭ്യന്തരം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത് നൽകിയിരുന്നത്. എന്നാൽ രണ്ടാം സമയബന്ധിത ഹയർഗ്രേഡ് നൽകുന്നതിന് ലോക്കൽ പോലീസിന് ലോക്കൽ എച്ച്.സി ടെസ്റ്റ് നിർബന്ധമായും പാസ്സാകേണ്ടതുണ്ട്.<br><br>എന്നാൽ 01.04.2010 ൽ ആംഡ് റിസർവ്വും ലോക്കൽ പോലീസും തമ്മിൽ ചേർന്ന് കേരള സിവിൽ പോലീസ് നിലവിൽ വരികയും ആംഡ് റിസർവ്വ് നിർത്തലാക്കുകയും ചെയ്തു. കേരള സിവിൽ പോലീസിന്റെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ല. ബറ്റാലിയനിൽ നിന്നും നേരിട്ട് ലോക്കൽ പോലീസിന്റെ ഭാഗമായ കെ.സി.പി യിലേയ്ക്ക് ട്രാൻസ്ഫർ ആകുന്ന പോലീസ് ഉദ്യോഗസ്ഥന് ബറ്റാലിയനിൽ വച്ച് പാസ്സായ ബറ്റാലിയൻ ഹവിൽദാർ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് അനുവദിച്ച് നൽകുന്ന വിഷയം സർക്കാരിൽ പരിശോധിച്ച വരുന്നു. |

| | | |
|---|---|---|
| **(സി)** ആംഡ് റിസർവ്വ് വിഭാഗത്തിൽ നിന്നും ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെത്തുന്ന എട്ട് വർഷം പൂർത്തീകരിച്ച ജീവനക്കാർക്ക് ഇത്തരത്തിൽ എച്ച്.സി. ടെസ്റ്റ് പാസ്സായിട്ടില്ലെങ്കിൽ ഫുൾഗ്രേഡ് അനുവദിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(സി)** | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ഡി)** ഫുൾഗ്രേഡ് നൽകാതെ അൺക്വാളിഫൈഡ് ഹയർഗ്രേഡ് എന്ന് സൂചിപ്പിച്ച് ഈ വിഭാഗം ജീവനക്കാരുടെ ശമ്പളം പരിമിതപ്പെടുത്തുന്നതു സംബന്ധിച്ച് നിലവിൽ നിലനിൽക്കുന്ന സർക്കാർ ഉത്തരവ്/ സർക്കുലറുകളുടെ വിശദാംശം അറിയിക്കുമോ; | **(ഡി)** യും **(ഇ)** യും | ഈ വിഷയം സർക്കാരിൽ പരിശോധിച്ച് വരുന്നതിനാൽ unqualified scale ൽ മാത്രം ഗ്രേഡ് അനുവദിച്ചാൽ മതി എന്ന നിർദ്ദേശം യൂണിറ്റ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. |
| **(ഇ)** ഇത്തരം ഗ്രേഡ് നിഷേധ നടപടി എല്ലാ ജില്ലകളിലും സമാനമായി നടപ്പിലാക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

Rajaniil

**സെക്ഷൻ ഓഫീസർ**